**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 111 | 06.01.2014 ൽ മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗക്കാരുടെ ബാക്ക്‌ലോഗ് നികത്തുന്നതിന് പി . എസ്. സി മുഖേന നേരിട്ടുള്ള നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ബഹു. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) | |
| (എ) | പിന്നോക്ക വിഭാഗക്കാരുടെ ബാക്ക്‌ലോഗ് നികത്തുന്നതിന് പി. എസ്. സി മുഖേന ഏതെല്ലാം വിഭാഗങ്ങൾക്ക് നേരിട്ടുള്ള നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട (OBC) ഒരു സമുദായത്തിന്റെയും ബാക്ക്‌ലോഗ് നികത്തുന്നതിന് പി.എസ്.സി മുഖേന നിയമനം നടത്തിയിട്ടില്ല. |
| (ബി) | 2006 ജനവരി മുതൽ പിന്നോക്ക സമുദായക്കാർക്ക് അർഹമായ എത്ര തസ്തികകളാണ് നികത്താനുള്ളതെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വിശദമാക്കുമോ ; | (ബി) യും (സി) യും (ഡി) യും | നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് 02.02.2006-ലെ സ.ഉ (പി) നം. 8/06/പജപവവിവ പ്രകാരം സർക്കാർ നടപടികൾ സ്വീകരിക്കുകയുണ്ടായി. അതു പ്രകാരം 21.07.2010-ലെ സ.ഉ (എം. എസ്) നം. 83/2010/ പജപവവിവ അനുസരിച്ച് സർക്കാർ സർവ്വീസിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയുണ്ടായി. 20.08.2011-ലെ സ. ഉ (എം. എസ്) നം. 85/2011/ പജപവവിവ പ്രകാരം പ്രസ്തുത ഉന്നതാധികാര സമിതി പുന:സംഘടിപ്പിച്ചു. വിവിധ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരം ശേഖരിച്ച് ഉന്നതാധികാര സമിതിയിൽ വിലയിരുത്തിയ ശേഷം ഏതെങ്കിലും സമുദായങ്ങൾക്ക് ബാക്ക്‌ലോഗ് വന്നിട്ടുണ്ടോ എന്ന് കണ്ടെത്തി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കായി മാറ്റിവെച്ച തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | | |
| (ഡി) | ഇവ എന്നത്തേക്ക് നികത്തുമെന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ